പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1072 25.01.2018 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവത്കരണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | ഉണ്ട്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പൂർണ്ണമായും കംപ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം digitise ചെയ്ത് അവർക്ക് ഇ-സേവനങ്ങൾ നൽകുന്നതിനായി e-employment exchange എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br>www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള ഇ-സേവനങ്ങൾ എല്ലായ്പ്പോഴും, എവിടെനിന്നും ലഭ്യമാണ്.<br>കേരളത്തിലെ എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ആദ്യ ഘട്ടത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലും മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും |

| | | | |
|---|---|---|---|
| | | | രണ്ടാം ഘട്ടത്തിൽ ജില്ലാ തലം വരെയുള്ള 25 ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. |
| ബി) | കമ്പ്യൂട്ടർവത്കരണം പൂർത്തിയായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷനും രജിസ്ട്രേഷൻ പുതുക്കലും ഓൺലൈൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ബി) | 03/05/2017 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും രജിസ്ട്രേഷനും രജിസ്ട്രേഷൻ പുതുക്കലും ഉൾപ്പെടെ തൊഴിലന്വേഷകർക്ക് നൽകുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും www.employment.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം ഓൺലൈൻ ആയി ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ